Kerala Homestay and Tourism Society (Kerala-HATS)
Reg No: ER 99/08

KeralaHATS
Kerala Homestay and
Tourism Society

ബഹുമാനപ്പെട്ട ടൂറിസം- ആഭ്യന്തര വകുപ്പ് മന്ത്രി കോടിയേരി ബാലകൃഷ്ണന് കേരള ഹോം സ്റ്റേ ആൻഡ് ടൂറിസം സൊസൈറ്റി (Kerala Hats) സമർപ്പിക്കുന്ന നിവേദനം.

1. കേരളത്തിലെ വിനോദ സഞ്ചാര മേഖലയിൽ ടൂറിസം വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന വിവിധ വിഭാഗങ്ങളിലുള്ള ഹോം സ്റ്റേകൾക്ക് സബ്സിഡി അനുവദിക്കുക. ടൂറിസം സംരംഭങ്ങളായ ഹോട്ടൽ/റിസോർട്ട് തുടങ്ങിയവയ്ക്ക് നിലവിൽ ടൂറിസം വകുപ്പ് സബ്സിഡി നൽകുന്നുണ്ട്. അത് ഹോം സ്റ്റേകൾക്ക് കൂടി ലഭ്യമാക്കണം.

2. ഹോം സ്റ്റേകളിൽ മെച്ചപ്പെട്ട സൗകര്യവും, സംവിധാനവും ഒരുക്കുന്നതിന് ഹോം സ്റ്റേകൾക്ക് വാർഷിക പ്രവർത്തന ഗ്രാൻഡ് അനുവദിക്കുക.

3. ഹോം സ്റ്റേകൾക്ക് വൈദ്യുതി താരീഫ് ഇളവ് അനുവദിക്കുക. വീടുകളോട് ചേർന്നുള്ള ഹോം സ്റ്റേകൾക്ക് ഷോപ്പുകൾക്കുള്ള *എഴ് എ* താരീഫാണ് വൈദ്യുതി വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്നത്. ഇതുമൂലം വൈദ്യുതി ചാർജ് ഇനത്തിൽ വൻ തുക നൽകേണ്ടി വരുന്നു. ഇത് ഒഴിവാക്കി ഗാർഹിക ഉപഭോക്താക്കൾക്കുള്ള താരീഫ് ഹോം സ്റ്റേകൾക്കും അനുവദിക്കണം.

4. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഹോം സ്റ്റേകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള അധിക കെട്ടിട നികുതി പിൻവലിക്കുക. സ്വന്തം വീട്ടിലെ മുറികളാണ് ഹോം സ്റ്റേകളാക്കി പ്രവർത്തിപ്പിക്കുന്നത്. ഇവയ്ക്ക് അധിക കെട്ടിട നികുതി ചുമത്തുന്നത് ഈ നവസംരംഭത്തെ തകർക്കും.

5. സ്വയം തൊഴിൽ സംരംഭം എന്ന നിലയിൽ ഹോം സ്റ്റേ ആരംഭിക്കുന്നതിന് സബ്സിഡിയോട് കൂടിയ ബാങ്ക് വായ്പ ടൂറിസം വകുപ്പ് വഴി ലഭ്യമാക്കുക. സ്വയം തൊഴിൽ സംരംഭത്തിനുള്ള എല്ലാ ആനുകൂല്യങ്ങളും ഹോം സ്റ്റേകൾക്കും ലഭ്യമാക്കുക.

6. ഹോം സ്റ്റേകളിൽ താമസിക്കുന്ന അതിഥികളുടെ വിവരങ്ങൾ ഇ-മെയിൽ/ഫാക്സ് വഴി പോലീസിനെ അറിയിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുക. അതിഥിയെ സൽക്കരിക്കേണ്ട സംരംഭകൻ നിത്യവും പോലീസ് സ്റ്റേഷനിൽ കയറിയിറങ്ങേണ്ട സ്ഥിതിയാണ് ഇന്നുള്ളത്.

Chairman- Prof K V Thomas *M.L.A* - 9847077150 | Vice President - Jagadish Kumar - 9846044211
Director - M P Sivadattan - 9349253124 | Technical Expert - Dr. K Muralee Menon - 9387812067

Avittom, 16/239 C, Main Road Tripunithura – 682301, Ernakulam , Kerala Email: keralahats@gmail.com

7. ടൂറിസം വകുപ്പ് പങ്കെടുക്കുന്ന വിദേശ ട്രാവൽ മാർട്ടുകളിലും, കേരളത്തിലും, ഇതര സംസ്ഥാനങ്ങളിലും സംഘടിപ്പിക്കുന്ന റോഡ് ഷോ കളിലും ഹോം സ്റ്റേ സംരംഭകരെ സൗജന്യമായി പങ്കെടുപ്പിക്കുക.

8. കേരളത്തിലെ ഹോം സ്റ്റേകളെ വിപണനം ചെയ്യുന്നതിന് ടൂറിസം വകുപ്പ് പ്രത്യേകം റോഡ് ഷോകൾ സംഘടിപ്പിക്കുക.

9. ഹോം സ്റ്റേ മേഖലയിൽ മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്തുന്നതിന് എല്ലാ ഹോം സ്റ്റേകൾക്കും ടൂറിസം വകുപ്പ് സമയബന്ധിതമായി അംഗീകാരം നൽകുക.

കേരള ഹാറ്റ്സ് ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ ടൂറിസം വകുപ്പ് പ്രത്യേകമായി പരിഗണിച്ച് അനുവദിക്കണമെന്നും ഹോം സ്റ്റേകളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക് ടൂറിസം വകുപ്പിന്റെ പ്രോത്സാഹനവും, സഹകരണവും, സഹായവും ലഭ്യമാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

പ്രൊഫ. കെ.വി. തോമസ് എം.എൽ.എ
(ചെയർമാൻ)

എം.പി. ശിവദത്തൻ
(ഡയറക്ടർ)

കൊച്ചി
26/02/2008

പ്രസ് റിലീസ്

തിരുവനന്തപുരം : സംസ്ഥാനത്ത് ടൂറിസം വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഹോം സ്റ്റേകൾക്ക് ടൂറിസം വകുപ്പ് സബ്സിഡിയും, വാർഷിക ഗ്രാൻഡും അനുവദിക്കണമെന്ന് കേരള ഹോം സ്റ്റേ ആൻഡ് ടൂറിസം സൊസൈറ്റി (കേരള ഹാറ്റ്സ്) ചെയർമാൻ പ്രൊഫ. കെ.വി.തോമസ് എം.എൽ.എ. ടൂറിസം മന്ത്രിക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു. ഹോം സ്റ്റേ ഒഴികെയുള്ള ടൂറിസം സംരംഭകർക്ക് ഇപ്പോൾ സബ്സിഡി നല്കുന്നുണ്ട്.

വീടുകളോട് ചേർന്നുള്ള ഹോം സ്റ്റേകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള അധിക വൈദ്യുതി താരീഫ് പിൻവലിക്കണമെന്നും ഗാർഹിക വൈദ്യുതി നിരക്ക് തന്നെ നിലനിർത്തണമെന്നും തോമസ് ആവശ്യപ്പെട്ടു. ഹോം സ്റ്റേകൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള അധിക കെട്ടിട നികുതി പിൻവലിക്കണം.

എല്ലാ ഹോം സ്റ്റേകൾക്കും സമയബന്ധിതമായി ടൂറിസം വകുപ്പ് അംഗികാരം നല്കണമെന്നും ടൂറിസം മേളകളിൽ ഹോം സ്റ്റേ സംരംഭകരെ പങ്കെടുപ്പിക്കണമെന്നും, നിവേദനത്തിലാവശ്യപ്പെട്ടു. ഹോം സ്റ്റേകളെ സ്വയം തൊഴിൽ സംരംഭങ്ങളാക്കി കണക്കാക്കി ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും തോമസ് ആവശ്യപ്പെട്ടു.

ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് മന്ത്രി ഉറപ്പു നല്കിയതായി കേരള ഹാറ്റ്സ് ചെയർമാൻ പ്രൊഫ. കെ.വി. തോമസ് എം.എൽ.എ. ഡയറക്ടർ എം.പി.ശിവദത്തൻ എന്നിവർ അറിയിച്ചു.

തിരുവന്തപുരം
26/02/2008

പ്രൊഫ. K.V. തോമസ്